(ബി) ഓരോ റോഡുകളുടെയും നവീകരണത്തിനായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) കാലവർഷത്തിന് മുന്നോടിയായി ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പ് നിരത്തുകളുടെ അറ്റകുറ്റപ്പണികൾക്കായി 4 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

വാളയാർ മണ്ണുത്തി ദേശീയപാത വികസനം

149 (2645) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാളയാർ മണ്ണുത്തി ദേശീയപാത വികസനം നിർമ്മാണപ്രവൃത്തികൾ ഏതുവരെയായെന്നു വിശദമാക്കുമോ ; എത്ര ശതമാനം പണികൾ പൂർത്തിയായിട്ടുണ്ട് ; വടക്കാഞ്ചേരി വരെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(ബി) ഈ റോഡിൽ ടോൾ പിരിവ് ആരംഭിച്ചിട്ടുണ്ടോ ; നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാകും മുമ്പേ ടോൾ പിരിക്കുന്നതിനെതിരെ ജനങ്ങൾ പ്രതിഷേധവുമായി രംഗത്തുവന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ജനങ്ങളുടെ പരാതി പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) ടോൾ പിരിവിനുള്ള മാനദണ്ഡങ്ങൾ, കാലാവധി, പിരിവിന്റെ നിരക്ക് എന്നിവ വ്യക്തമാക്കുമോ ;

(ഡി) നിർമ്മാണ പ്രവൃത്തികൾ, റോഡിനിരുവശത്തുമുള്ള ജനങ്ങളുടെ അസൗകര്യങ്ങൾ, മാനദണ്ഡങ്ങളുടെ ലംഘനം എന്നിവ സംബന്ധിച്ചുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വാളയാർ മുതൽ വടക്കഞ്ചേരി വരെയുള്ള നാലുവരി പാതയുടെ പ്രവൃത്തി ഏതാണ്ട് പൂർത്തിയായിവരുന്നു. 53.885 കി.മീ നാലുവരിപ്പാത നിർമ്മിക്കേണ്ടതിൽ 48 കിലോമീറ്ററിന്റെ പണി പൂർത്തിയായിട്ടുണ്ട്. ഇതുവരെ 94 ശതമാനം പണി പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള പണി നല്ല രീതിയിൽ പുരോഗമിക്കുന്നുണ്ട്. വടക്കഞ്ചേരി മുതൽ മണ്ണുത്തി വരെയുള്ള ആറുവരി പാതയുടെ നിർമ്മാണം 7-10-2014-ൽ മാത്രമേ തുടങ്ങാനായിട്ടുള്ളൂ. ഏകദേശം 12 ശതമാനം പണികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ഈ പ്രവൃത്തിയുടെ കൺസഷൻ എഗ്രിമെന്റ് പ്രകാരം പ്രോജക്ടിന്റെ 75 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചു കഴിഞ്ഞാൽ ആ ഭാഗം ഗതാഗതത്തിനു തുറന്നുകൊടുക്കുന്നതിനും ഈ ഭാഗത്ത് ടോൾ പിരിവ് ആരംഭിക്കുന്നതിനും കൺസഷണയർ കമ്പനിക്ക് നിയമപരമായ അവകാശമുണ്ട്. ഇവിടെ ആകെയുള്ള 53.89 കി.മീ. റോഡിന്റെ 46.75 കി.മീ. ഭാഗത്തിന്റെ പ്രവൃത്തി പൂർത്തിയാക്കിയതിനാൽ കൺസഷണയർ 23-5-2015 മുതൽ ടോൾ പിരിവ് ആരംഭിക്കുകയുണ്ടായി. ഇതിനെതിരായി തദ്ദേശവാസികൾ കൺസഷൻ എഗ്രിമെന്റിന്റെ പരിധിയിൽ വരാത്ത ആവശ്യങ്ങൾ ഉന്നയിച്ച് പ്രതിഷേധം ഉയർത്തിയതിനാൽ ടോൾ പിരിവ് താൽക്കാലികമായി നിർത്തിവെയ്ക്കുകയുണ്ടായി. ഇതിനെത്തുടർന്ന് പാലക്കാട് ജില്ലാ കളക്ടർ ജനപ്രതിനിധികളുടേയും രാഷ്ട്രീയ നേതാക്കളുടേയും സാന്നിദ്ധ്യത്തിൽ പ്രതിഷേധക്കാരുമായി ചർച്ച നടത്തുകയും പൊതുജനങ്ങൾ ഉന്നയിച്ച പല ആവശ്യങ്ങളും കൺസഷൻ എഗ്രിമെന്റിന്റെ പരിധിയിൽ വരുന്നതല്ല എന്ന് പ്രതിഷേധക്കാരെ ബോധ്യപ്പെടുത്തുകയുമുണ്ടായി. കൺസഷൻ എഗ്രിമെന്റിൽവരുന്ന ബാക്കി പ്രവൃത്തികൾ മൂന്ന് മാസത്തിനുള്ളിൽ പൂർത്തിയാക്കുന്നതാണെന്നും കൺസഷണയർ കമ്പനി അറിയിക്കുകയുണ്ടായി. തുടർന്ന് 2-6-2015 മുതൽ ടോൾ പിരിവ് പുനരാരംഭിച്ചിട്ടുണ്ട്.

(സി) ഇന്ത്യാ ഗവൺമെന്റിന്റെ ടോൾ ഫീ നോട്ടിഫിക്കേഷൻ പ്രകാരവും കൺസഷൻ എഗ്രിമെന്റ് പ്രകാരവുമാണ് ടോൾ പിരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ തീരുമാനിച്ചിട്ടുള്ളത്. 2033 മേയ് മാസത്തിൽ ടോൾ പിരിവ് അവസാനിപ്പിക്കും. 46.75 കി.മീ റോഡിന്റെ (Pampanpalam toll plaza) 31-3-2016 വരെയുള്ള ടോൾ പിരിവ് റേറ്റ് അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) പാത നിർമ്മാണത്തിലെ അപാകതകൾ, കൺസഷൻ എഗ്രിമെന്റിലെ നിബന്ധനകൾക്കുള്ളിൽ നിന്നുകൊണ്ട് പരിഹരിക്കുവാനും നിർമ്മാണ പ്രവൃത്തികൾ മൂലമുള്ള ജനങ്ങളുടെ അസൗകര്യങ്ങൾ പരമാവധി കുറയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും കരാർ ഏറ്റെടുത്ത കമ്പനിക്കും നാഷണൽ ഹൈവേ അതോറിറ്റിക്കും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതാണ്.

വൈപ്പിൻ പള്ളിപ്പുറം റോഡിലെ കാന നിർമ്മാണം

150 (2646) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭരണാനുമതി ലഭിച്ചിട്ടുള്ളതും ഇതുവരെ നിർമ്മാണം ആരംഭിച്ചിട്ടില്ലാത്തതുമായ വൈപ്പിൻ പള്ളിപ്പുറം റോഡിലെ കാന നിർമ്മാണം, കൈമൾച്ചിറ റോഡ്, എളങ്കുന്നപ്പുഴ-കിഴക്കെ ആറാട്ടുവഴി-കർത്തേടം റോഡ്, കുട്ടുങ്ങൽ-അടപ്പ് റോഡ് എന്നീ പ്രവൃർത്തികൾ ടെണ്ടർ ചെയ്തിട്ടുണ്ടോ ;

(ബി) എങ്കിൽ ഓരോ പ്രവൃത്തിയും ഏറ്റെടുത്തിരിക്കുന്ന കരാറുകാർ ആരെല്ലാമാണെന്നും കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട സമയപരിധി എന്നുവരെയെന്നും വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പ്രവൃത്തികൾ നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അനുബന്ധം - I ആയി ചേർക്കുന്നു.*

(സി) പ്രസ്തുത പ്രവൃത്തികൾ തീർക്കുവാനുള്ള സമയപരിധി കഴിഞ്ഞിട്ടില്ല. എത്രയും വേഗം പണികൾ പൂർത്തിയാക്കുവാൻ കരാറുകാർക്ക് നോട്ടീസ് അയച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly